KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 3025/Plg

തിയ്യതി : 13.02.2023

## സർക്കുലർ നമ്പർ 06/2023 (BD)

വിഷയം : വ്യക്തിഗത ജാമ്യ വ്യവസ്ഥകളിലെ മാറ്റം സംബന്ധിച്ച്:-

സൂചന :
1. സർക്കുലർ നമ്പർ 1/2023(BD) dt. 05.01.2023
2. 16.01.2023 ൽ കൂടിയ 9812 നമ്പർ ബോർഡ് തീരുമാനം

** ** **

നമ്മുടെ വിവിധ ചിട്ടി വായ്പാ പദ്ധതികളിൽ വ്യക്തിഗത ജാമ്യങ്ങൾ സ്വീകരിക്കുമ്പോഴുള്ള വ്യവസ്ഥകളിൽ സൂചന (1) സർക്കുലർ പ്രകാരം മാറ്റങ്ങൾ വരുത്തിയിരുന്നുവല്ലോ. അതിൽ ക്രമനമ്പർ 1(b), 2(b), 2(c) എന്നിവ പ്രകാരം SREG/SRNEG വിഭാഗത്തിൽപ്പെടുന്ന ഗവൺമെന്റ് ഡോക്ടർമാർ, എഞ്ചിനീയർമാർ, കോളേജ് പ്രൊഫസർമാർ തുടങ്ങിയ പ്രൊഫഷണലുകളുടെ ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിക്കുമ്പോൾ അടിസ്ഥാന ശമ്പളം (basic pay) 100000/- രൂപക്ക് മുകളിൽ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സൂചന (2) ബോർഡ് തീരുമാനപ്രകാരം അടിസ്ഥാന ശമ്പളവും ഡി.എ യും (Basic Pay + DA) ഉൾപ്പെടെ 75000/- രൂപയ്ക്കു മേൽ ശമ്പളമുള്ള പ്രൊഫഷണലുകളുടെ ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിക്കാവുന്നതാണെന്ന് മേൽ വ്യവസ്ഥയിൽ ഭേദഗതി വരുത്തിയിരിക്കുന്നു. മറ്റു ജാമ്യ വ്യവസ്ഥകളിൽ മാറ്റമില്ല.

ആയതിനാൽ ഭേദഗതി വരുത്തിയ മേൽ വ്യവസ്ഥയോടെയുള്ള വ്യക്തിഗത ജാമ്യങ്ങൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ശാഖാതലത്തിൽ കൈക്കൊള്ളേണ്ടതും നമ്മുടെ ചിട്ടി, വായ്പാ പദ്ധതികളുടെ പ്രചാരണത്തിനു പുതുക്കിയ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:- എല്ലാ ശാഖാ തലവന്മാർക്കും

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ